"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കോട്ടയം നഗരസഭയുടെ കുമാരനല്ലൂർ സോണൽ ഓഫീസിൽ അസിസ്റ്റന്റ് എൻജിനീയറായിരിയ്ക്കുമ്പോൾ ശ്രീ. മാർട്ടിൻ ആന്റണി (PEN. 701557)-യ്ക്കെതിരെ രജിസ്ററർ ചെയ്ത ട്രാപ് കേസ് VC.01/2014/KTM - CC No.4/2016-കേസിൽ ശിക്ഷാവിധിയായത്- അച്ചടക്കനടപടി- സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.332/2026/LSGD തീയതി,തിരുവനന്തപുരം, 07-02-2026

---

പരാമർശം:-

1. ചീഫ് എഞ്ചിനീയറുടെ 26.08.2022-ലെ ഇ21/9047/2014/സിഇ/എൽ.ഐ.ഡി & ഇഡബ്ല്യൂ നമ്പർ കത്ത്.
2. ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതി, കോട്ടയം-ന്റെ C.C.4/2016 നമ്പർ കേസിന്മേലുള്ള 29.11.2025-ലെ വിധിന്യായം.
3. ബഹു.ഹൈക്കോടതിയുടെ CrL.M.A.No.1 /2025 in Crl.A.No. 2268/2025 നമ്പർ അപ്പീലിലെ 05/12/2025-ലെ ഉത്തരവ്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.12.2025-ലെ LSGD/PD/12605/2023-VIG B6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം നഗരസഭയുടെ കുമാരനല്ലൂർ സോണൽ ഓഫീസിൽ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ. മാർട്ടിൻ ആന്റണി (PEN-701557) 11.09.2014-ൽ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതിന് 15,000/- രൂപ കൈക്കൂലിയായി കൈപ്പറ്റുമ്പോൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ **VC 01/14/KTM** നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് ടിയാനെ അറസ്റ്റ് ചെയ്തതായി കോട്ടയം വിജലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് അറിയച്ചതിൻപ്രകാരം ചീഫ് എഞ്ചിനിയറുടെ 8.09.2014-ലെ ഉത്തരവ് പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തു എന്നും തുടർ ന്ന് വിജിലൻസ് വകുപ്പിന്റെ 10.06.2015 തീയതിയായ കത്തിലെ നിർദ്ദേശ പ്രകാരം ടിയാനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട് എന്നും തുടർന്ന് ചീഫ് എഞ്ചിനിയറുടെ 08.10.2015-ലെ ഉത്തരവ് പ്രകാരം ടിയാനെതിരെ Prosecution sanction നൽകിയിട്ടുണ്ട് എന്നും പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

**VC 01/14/KTM** നമ്പർ വിജിലൻസ് കേസ് ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതി, കോട്ടയം മുമ്പാകെ **C.C.No.4/2016** നമ്പർ കേസായി രജിസ്റ്റർ ചെയ്ത് വിചാരണ പൂർത്തിയാക്കി പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച

29.11.2025-ലെ അന്തിമ വിധിന്യായപ്രകാരം ശ്രീ.മാർട്ടിൻ ആന്റണിയ്ക്ക് 4 വർഷം കഠിനതടവും 1,50,000/-രൂപ പിഴയും ശിക്ഷ വിധിക്കുകയുണ്ടായി. പ്രസ്തുത വിധിയ്ക്കെതിരെ ടിയാൾ ബഹു. ഹൈക്കോടതി മുമ്പാകെ Crl.A.No.2268 of 2025 അപ്പീൽ ഫയൽ ചെയ്യുകയും ആയതിലെ Crl.M.A.No.1 of 2025-ലെ 05.12.2025-ലെ പരാമർശം 3 ഉത്തരവിൽ ബഹു.ഹൈക്കോടതി നിബന്ധനകളോടെ ടിയാന്റെ ശിക്ഷ suspend ചെയ്യുകയും ടിയാന് ജാമ്യം അനുവദിയ്ക്കുകയുമുണ്ടായി. എന്നാൽ ടിയാന്റെ conviction നിലനില്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതി, കോട്ടയം മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള **C.C.No.4/2016** നമ്പർ കേസിൽ ശ്രീ. മാർട്ടിൻ ആന്റണിയ്ക്ക് 4 വർഷം തടവും 1,50,000/- രൂപ പിഴയും ശിക്ഷ വിധിച്ചിട്ടുള്ളതിനാലും പ്രസ്തുത conviction നിലനില്ക്കുന്നതിനാലും ടിയാനെതിരെ KCS(CCA) Rules 1960 പ്രകാരം അച്ചടക്ക നടപടി സ്വീകരി യ്ക്കേണ്ടതുണ്ട്. സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്ന പ്രസ്തുത അച്ചടക്കനടപടിയ്ക്കു മുന്നോടിയായി ടിയാളെ സർവീസിൽ നിന്ന് മാററിനിർത്തുന്നത് അനിവാര്യമാണെന്നു കാണുന്നു. ആയതിനാൽ അസിസ്റ്റന്റ് എൻജിനീയർ, **ശ്രീ. മാർട്ടിൻ ആന്റണി (PEN.701557)-യെ** 1960-ലെ കേരള സിവിൽ സർവിസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം C.C.4/2016 നമ്പർ കേസിലെ വിധിന്യായ തീയതിയായ **29/11/2025 FN** പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 55 പ്രകാരം ഉപജീവനബത്ത-യ്ക്ക് അർഹതയുണ്ടാ യിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ. മാർട്ടിൻ ആന്റണി (PEN.701557), മുൻ അസിസ്റ്റന്റ് എൻജിനീയർ, ബുധനൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
   **(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവ് പ്രകാരമുള്ള അടിയന്തര നടപടിയ്ക്കായി)**
3. വിജിലൻസ് വകുപ്പ്.
4. വിജിലൻസ് ഡയറക്ടർ, വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ (ഇഡബ്ല്യു - ബി) വകുപ്പ്.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
7. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (EWA1/27/2025-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 09-02-2026 11:47:24

സെക്ഷൻ ഓഫീസർ